# കൃഷി വിജ്ഞാന കേന്ദ്രം – ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA

ICAR-കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം (പ്രാദേശിക കേന്ദ്രം), കായംകുളം
കൃഷ്ണപുരം – 690 533, കേരളം

## വാർത്താപത്രിക NEWSLETTER

JULY - SEPTEMBER 2019 / ജൂലൈ – സെപ്റ്റംബർ 2019 Vol. 17 (03) / വാല്യം 17(03)


### ഉള്ളടക്കം


- പ്രധാനമന്ത്രിയുടെ അഭിസംബോധന
- വൃക്ഷത്തൈ നടീൽ മഹായജ്ഞം
- മുഖാമുഖം
- തൊഴിലധിഷ്ഠിത പരിശീലന പരിപാടി
- കർഷക ഉത്പാദക കമ്പനി - വാർഷിക പൊതുയോഗം
- കാർഷിക വിദ്യാർത്ഥികളുടെ ഗ്രാമീണ പ്രായോഗിക പരിശീലനം
- ഉരുക്കുവെളിച്ചെണ്ണ പരിശീലന യൂണിറ്റ്
- വില്പന കൗണ്ടർ


കെ.വി.കെ.യുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ ഈ QR CODE സ്കാൻ ചെയ്യു.

**കെ. വി. കെ. യുമായി ബന്ധപ്പെടാൻ...**


ഹെഡ്,
കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.–690533.
ഫോൺ/ഫാക്സ്: 04[redacted],
0479 2959268, 9447790268
Email: kvkalapuzha@gmail.com
www.kvkalappuzha.org


# കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ വാർഷിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു




ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രം 2019–20 സാമ്പത്തിക വർഷത്തിൽ മാവേലിക്കര ബ്ലോക്കിൽ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം 2019 ജൂലൈ 11 ന് മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ വച്ച് ബഹു.മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.കെ.രഘുപ്രസാദ് നിർവ്വഹിച്ചു. സാമ്പത്തിക സഹായത്തിലുപരി കർഷകർക്ക് ഇന്നത്തെ സാഹചര്യത്തിൽ സാങ്കേതിക വിദ്യകളാണ് ആവശ്യമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇഞ്ചിയുടെ മൂടുചീയൽ ചെറുക്കാനായി കേന്ദ്ര സുഗന്ധവിള ഗവേഷണ സ്ഥാപനം വികസിപ്പിച്ചെടുത്ത 'IISR-PGPR-GRB35 ക്യാപ്സൂൾ', കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കിയ ദ്വിതീയ സൂക്ഷ്മ മൂലക മിശ്രിതമായ 'സമ്പൂർണ്ണ', മുട്ട ഉത്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്നതും കൂട്ടിൽ ഇട്ട് വളർത്തുന്നതുമായ 'BV 380' ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ, അംഗനവാടികളിൽ പോഷകത്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ ഗുണമേന്മയുള്ള ഫലവൃക്ഷ–പച്ചക്കറി തൈകൾ എന്നിവ പദ്ധതികളിൽ പങ്കാളികളായ കർഷകർക്ക് മുഖ്യാതിഥി കൈമാറി. കെ.വി.കെ. പ്രസിദ്ധീകരിച്ച "വെറ്റില കൃഷി"എന്ന ലഘുലേഖയുടെയും വാർത്താപത്രിക (വാല്യം 17(1))യുടെയും പ്രകാശനം ചടങ്ങിൽ ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി ലത. ജി. പണിക്കർ നിർവ്വഹിച്ചു.

ലാഭനഷ്ടങ്ങൾക്കതീതമായി ഇന്നത്തെ സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുതകുന്ന ഒന്നാണ് കൃഷിയെന്ന് ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ ശ്രീ.മുരളീധരൻ തഴക്കര അഭിപ്രായപ്പെട്ടു. 30 വർഷത്തെ സേവനത്തിന് ശേഷം ആകാശവാണിയിൽ നിന്നും വിരമിച്ച "വയലും വീടും" പ്രോഗ്രാം എക്സിക്യൂട്ടിവായ അദ്ദേഹത്തെ പ്രസ്തുത ചടങ്ങിൽ ആദരിച്ചു. ഇതോടനുബന്ധിച്ച് 'വരുമാനവർദ്ധനവിന് കാർഷിക അനുബന്ധ മേഖലകളിലെ നൂതന സാങ്കേതിക വിദ്യകൾ'എന്ന വിഷയത്തിൽ സെമിനാറും മുഖാമുഖവും സംഘടിപ്പിച്ചു.



തഴക്കര പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.എസ്.അനിരുദ്ധൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീമതി. ലത ജി പണിക്കർ (ജില്ലാ കൃഷി ഓഫീസർ), ശ്രീ. ജേക്കബ് ഉമ്മൻ (ജില്ലാ പഞ്ചായത്ത് അംഗം), ശ്രീമതി. സരസു സാറാ മാത്യു (മാവേലിക്കര ബ്ലോക്ക് അംഗം), ശ്രീ.കെ.രവി (തഴക്കര ഗ്രാമപഞ്ചായത്ത് അംഗം), ഡോ.പി.മുരളീധരൻ (കെ.വി.കെ. മേധാവി), ശ്രീമതി. ശ്രീരേഖ ആർ. (കൃഷി അസിസ്റ്റന്റ് ഡയറക്ടർ, മാവേലിക്കര ബ്ലോക്ക്), ശ്രീ.സി.എസ്. അജിത്ത് (ജില്ലാ ഫാം സൂപ്രണ്ട്), ശ്രീമതി സജിതമോൾ (തഴക്കര കൃഷി ഓഫീസർ), എന്നിവർ കർഷകരെ അഭിസംബോധന ചെയ്ത് സംസാരിച്ചു. കർഷകർ, മാവേലിക്കര ബ്ലോക്കിലെ വിവിധ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, കാർഷിക -കാർഷികേതര വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ ഏകദേശം നൂറ്റിയിരുപത്തഞ്ച് പേർ പരിപാടിയിൽ പങ്കെടുത്തു.

## പ്രധാനമന്ത്രി കർഷകരെ അഭിസംബോധന ചെയ്തു



ഉത്തർപ്രദേശിലെ മധുരയിൽ സംഘടിപ്പിച്ച ദേശിയ കന്നുകാലി രോഗനിയന്ത്രണ പരിപാടിയുടെ ഉദ്ഘാടനം ആദരണീയനായ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി 2019 സെപ്റ്റംബർ 11 ന് നിർവ്വഹിച്ചു. പ്രസ്തുത പരിപാടിയിൽ അദ്ദേഹം കർഷകരെ അഭിസംബോധന ചെയ്യുന്നതിന്റെ തത്സമയ സംപ്രേക്ഷണം കെ.വി.കെയിൽ പ്രദർശിപ്പിച്ചു. കന്നുകാലികളിൽ കാണപ്പെടുന്ന കുളമ്പുരോഗം, ഗർഭമലസൽ എന്നീ സാംക്രമിക രോഗങ്ങൾ മൂലം രാജ്യത്ത് പ്രതിവർഷം 18,000-20,000 കോടി രൂപയുടെ നഷ്ടമുണ്ടാകുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. വരുന്ന അഞ്ചു വർഷകാലം ഈ രോഗത്തെ പ്രതിരോധിക്കുകയും അതുവഴി കർഷകരുടെ ലാഭം ഇരട്ടിയാക്കുകയുമാണ് ഈ പദ്ധതിയുടെ പരമമായ ലക്ഷ്യം. തത്സമയ സംപ്രേക്ഷണത്തിനോടനുബന്ധിച്ച് കെ.വി.കെയിൽ കായംകുളം സീനിയർ വെറ്റിനറി സർജൻ ഡോ.ബീനയുടെ നേതൃത്വത്തിൽ "കന്നുകാലികളിലെ സാംക്രമിക രോഗ നിയന്ത്രണം" എന്ന വിഷയത്തിൽ ഒരു ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. തുടർന്ന് കുളമ്പുരോഗത്തിനെതിരെ കന്നുകാലികൾക്ക് കുത്തി വയ്പ്പും നൽകി.

## വൃക്ഷ തൈനടീൽ മഹായജ്ഞം



പ്രാധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ 69-ാം ജന്മദിനത്തോടനുബന്ധിച്ച് 2019 സെപ്റ്റംബർ 17-ാം തീയതി കെ.വി.കെയും കൃഷ്ണപുരം ടെക്നിക്കൽ സ്കൂൾ നാഷണൽ സർവ്വീസ് സ്കീമും സംയുക്തമായി വൃക്ഷത്തൈ നടീൽ മഹായജ്ഞം സംഘടിപ്പിച്ചു. കായംകുളം നഗരസഭാ കൗൺസിലർ ശ്രീ.കെ.കെ. അനിൽകുമാർ ടെക്നിക്കൽ സ്കൂൾ വളപ്പിൽ ഫലവൃക്ഷ തൈനട്ട് ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പാൾ ശ്രീ.ആർ.എസ്.രജീഷ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കെ.വി.കെ മേധാവി ഡോ.പി.മുരളീധരൻ ആമുഖ പ്രഭാഷണം നടത്തി. ആഗോള താപനത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും അതിജീവിക്കുവാൻ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ പ്രധാന്യത്തെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു.

ഇതോടനുബന്ധിച്ച് സ്കൂൾ വളപ്പിൽ വിവിധയിനം ഫലവൃക്ഷ തൈകൾ വിദ്യാർത്ഥികളും അദ്ധ്യാപകരും നടുകയുണ്ടായി. തുടർന്ന് വിത്തിൽ നിന്നും ഉത്പാദിപ്പിച്ച മേന്മയേറിയ കറിവേപ്പിൻ തൈകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. ശ്രീമതി.ഫൗസിയ ജമാൽ (NSS കോർഡിനേറ്റർ, GVHSS), ഡോ.എസ്.രവി (സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ്, കെ.വി.കെ) എന്നിവരും വിദ്യാർത്ഥികളെ അഭിമുഖീകരിച്ച് സംസാരിച്ചു.

# "മുഖാമുഖം" പരിപാടി സംഘടിപ്പിച്ചു



കേരള കാർഷിക സർവ്വകലാശാല വിജ്ഞാന വ്യാപന വിഭാഗം, സംസ്ഥാന കൃഷി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ സെപ്റ്റംബർ 26-ാം തീയതി മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ കർഷക-ശാസ്ത്രജ്ഞ മുഖാമുഖം സംഘടിപ്പിച്ചു.

വിള ഉത്പാദനം, വിള സംരക്ഷണം, തെങ്ങ് കൃഷി, മൃഗസംരക്ഷണം, വിളകളുടെ മൂല്യ വർദ്ധനവ് എന്നീ മേഖലകൾ തിരിച്ചാണ് സംശയ നിവാരണത്തിന് വേദിയൊരുക്കിയത്.

കർഷകർക്ക് കാർഷിക, കാർഷിക അനുബന്ധ മേഖലകളിലെ സാങ്കേതിക സംശയങ്ങൾ ശാസ്ത്രജ്ഞരെ ബോധ്യപ്പെടുത്താനും കീട-രോഗ ലക്ഷണങ്ങളുള്ള വിളകളുടെ ഭാഗങ്ങൾ നേരിട്ട് കാണിച്ച് വേണ്ട നിയന്ത്രണ മാർഗ്ഗങ്ങൾ മനസ്സിലാക്കാനും മുഖാമുഖം പരിപാടി വഴിയൊരുക്കി. പതിവിലും വിഭിന്നമായി ഒരു ക്ലിനിക്കിലെന്നതുപോലെ ഒരു മേശയ്ക്ക് ഇരുവശമിരുന്നുകൊണ്ട് തങ്ങളുടെ കാർഷിക പ്രശ്നങ്ങൾക്ക് വിദഗ്ദ്ധരിൽ നിന്നും മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിച്ചത് തികച്ചും ഫലപ്രദവും വേറിട്ടൊരു അനുഭവവുമായെന്ന് കർഷകർ വിലയിരുത്തി.

കാർഷിക സർവ്വകലാശാലയുടെ ഓണാട്ടുകര പ്രാദേശിക ഗവേഷണ കേന്ദ്രം മേധാവി ഡോ. ജി.സുജ, അസിസ്റ്റന്റ് പ്രൊഫസർ ഡോ.സി.മിനി, മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിലെ സസ്യരോഗ ശാസ്ത്രത്തിൽ അസോസിയേറ്റ് പ്രൊഫസറായ ഡോ.സുരേന്ദ്രൻ, കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി.മുരളീധരൻ, സാങ്കേതിക വിദഗ്ദ്ധരായ ശ്രീ.എം.എസ്.രാജീവ്, ശ്രീമതി ജിസ്സി ജോർജ്ജ്, ഡോ.ടി.ശിവകുമാർ, ശ്രീമതി ജി.ലേഖ, ഡോ.എസ്.രവി, ഡോ.കെ.സജ്നനാഥ്, ഡോ.കെ.എ.അഞ്ജു, മൃഗ സംരക്ഷണ മേഖലയിലെ വിദഗ്ദ്ധരായ ഡോ.സിന്ധു, ഡോ.അരുണ മുരളി എന്നിവരാണ് കർഷകരുടെ കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചത്. കാർഷിക സർവ്വകലാശാല വിജ്ഞാനവ്യാപന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വിളകളുടെ രോഗ-കീടങ്ങളെ പ്രതിരോധിക്കുന്നതിനായുള്ള ജൈവ-കീട, കുമിൾനാശിനികൾ കർഷകർക്ക് സൗജന്യമായി നൽകി. കൂടാതെ ജൈവ ഉൽപാദനോപാധികൾ, പോഷക മിശ്രിതങ്ങൾ, കെണികൾ, ലഘു പ്രസിദ്ധീകരണങ്ങൾ എന്നിവ മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനായി കെ.വി.കെയുടെ വിൽപന കൗണ്ടറും സജ്ജമാക്കിയിരുന്നു. പ്രസ്തുത പരിപാടിയിൽ മാവേലിക്കര, ചെങ്ങന്നൂർ ബ്ലോക്കുകളിലെ എഴുപതിലധികം കർഷകർ പങ്കെടുത്തു.

# കൂൺ വിത്തുൽപാദനത്തിൽ തൊഴിലധിഷ്ഠിത പരിശീലന പരിപാടി





'കുറഞ്ഞ ചെലവിൽ കൂൺ വിത്തുൽപാദനം' എന്ന വിഷയത്തിൽ തൊഴിലധിഷ്ഠിത പരിശീലന പരിപാടി 2019 ജൂലൈ 23 മുതൽ 26 വരെ കെ.വി.കെയിൽ സംഘടിപ്പിച്ചു. ഗുണമേന്മയുള്ള കൂൺ വിത്ത് സ്വന്തമായി ഉത്പാദിപ്പിച്ച് കൂൺ കൃഷി കൂടുതൽ ലാഭകരമാക്കുവാൻ കൂൺ കർഷകരെ പ്രാപ്തരാക്കുന്നതിനാണ് ഈ പരിശീലനം സംഘടിപ്പിച്ചത്. വാണിജ്യാടിസ്ഥാനത്തിൽ കൂൺ കൃഷി ചെയ്തു വരുന്ന ജില്ലയിലെയും സമീപ ജില്ലയിലെയും കർഷകർക്കാണ് പരിശീലനം നൽകിയത്. സമാപന യോഗത്തിൽ ICAR-CPCRI ആക്ടിംഗ് ഡയറക്ടർ ഡോ.അനിത കരുൺ പരിശീലനാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നിർവ്വഹിച്ചു.

# ഓണാട്ടുകര സുഗന്ധ വ്യഞ്ജന കർഷക ഉത്പാദക കമ്പനിയുടെ വാർഷിക പൊതുയോഗം

കെ.വി.കെയുടെ നേതൃത്വത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന ഓണാട്ടുകര സുഗന്ധ വ്യഞ്ജന കർഷക ഉൽപാദക കമ്പനിയുടെ നാലാമത് വാർഷിക പൊതുയോഗം 2019 ആഗസ്റ്റ് 28-ാം തീയതി ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ചേർന്നു. കമ്പനി മാനേജിങ്ങ് ഡയറക്ടർ ശ്രീമതി രജനി ജയദേവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കമ്പനി സി.ഇ.ഒ ശ്രീമതി ദീപ രാജേന്ദ്രൻ 2018-19 ലെ പ്രവർത്തന റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും കമ്പനി

ഡയറക്ടർ ശ്രീ. സോമൻ. എം, 2019-20 ലെ പ്രവർത്തന ലക്ഷ്യങ്ങളും അവതരിപ്പിച്ചു. കെ.വി.കെ. മേധാവി ഡോ.പി.മുരളീധരൻ കമ്പനിയുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തനം അവലോകനം ചെയ്തു. ഓഹരി ഉടമകളായ കർഷകരിൽ നിന്നും കമ്പനി കഴിഞ്ഞവർഷം 15 ടണ്ണിലധികം മഞ്ഞളും 1.5 ടണ്ണിലധികം ഇഞ്ചിയും സംഭരിച്ച് 200-ൽ അധികം കർഷകർക്കും ഓഹരി ഉടമകൾക്കുമായി വിതരണം ചെയ്തത് കൂടാതെ "ഓണാട്ടുകര സ്പൈസസ്" എന്ന പേരിൽ ഗുണമേന്മയുള്ള മഞ്ഞൾപൊടി വിപണനവും നടത്തിവരുന്നു.



## കാർഷിക ബിരുദ വിദ്യാർത്ഥികൾക്ക് കെ.വി.കെ.യിൽ ഗ്രാമീണ പ്രായോഗിക പരിശീലനം



കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ 11 അവസാന വർഷ വിദ്യാർത്ഥികൾക്ക് കാർഷിക ബിരുദ പഠനത്തിന്റെ ഭാഗമായിട്ടുള്ള "ഗ്രാമീണ കാർഷിക പ്രായോഗിക പരിശീലനം (RAWE)"2019 സെപ്തംബർ 23 മുതൽ 28 വരെ കെ.വി.കെയിൽ സംഘടിപ്പിച്ചു. കെ.വി.കെ. നടപ്പിലാക്കുന്ന വിവിധ കാർഷിക - അനു ബന്ധ പ്രവർത്തനങ്ങൾ, പദ്ധതികൾ, കെ.വി.കെ.യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഓണാട്ടുകര സുഗന്ധ വ്യഞ്ജന കർഷക ഉത്പാദക കമ്പനിയുടെ പ്രവർത്തനങ്ങൾ എന്നിവ കണ്ടു മനസ്സിലാക്കുവാനും, കാർഷിക മേഖലയിലെ പ്രശ്നങ്ങൾ അടുത്തറിയുവാനും അവർക്ക് സാധിച്ചു. കൂടാതെ കൃഷിയിട സന്ദർശനങ്ങൾ നടത്തിയതുവഴി വിവിധ മേഖലയിലുള്ള കർഷകരുമായി സംവദിക്കാനും കഴിഞ്ഞതായി വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു. കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് ചർച്ച ചെയ്യുന്നതിനായി കെ.വി.കെ. മാവേലിക്കരയിൽ സംഘടിപ്പിച്ച "മുഖാമുഖം" പരിപാടിയിൽ വിദ്യാർത്ഥികളും സജീവ പങ്കാളികളായിരുന്നു.

## ഉരുക്കുവെളിച്ചെണ്ണ നിർമ്മാണ പരിശീലന യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു

ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഉരുക്കു വെളിച്ചെണ്ണയും അനുബന്ധ ഉത്പന്നങ്ങളും ചെറുകിട യന്ത്ര സാമഗ്രികളുടെ സഹായത്താൽ തയ്യാറാക്കുന്നതിന് പരിശീലനം നൽകുന്നതിനുള്ള ഒരു യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. തേങ്ങാപ്പാലെടുക്കുന്നതിനുള്ള എക്സ്ട്രാക്ടർ, പാൽ വറ്റിച്ച് എണ്ണ തയ്യാറാക്കുന്നതിനുള്ള VCO കുക്കർ, സ്ക്രൂപ്രസ്സ് എന്നീ സൗകര്യങ്ങളാണുള്ളത്. i-STED (Innovations in Science and Technology Enterpreneurship Development) എന്ന കേന്ദ്ര സർക്കാർ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുത്ത 250 ഓളം ചെറുകിട സംരംഭകർക്കുള്ള പരിശീലനം ഇവിടെ ആരംഭിച്ചിട്ടുണ്ട്.



## കെ.വി.കെയുടെ വിൽപന കൗണ്ടറിൽ ലഭ്യമാണ്

പച്ചക്കറിവിത്തുകൾ
പച്ചക്കറി തൈകൾ
ഫലവൃക്ഷ തൈകൾ
ടിഷ്യുകൾച്ചർ വാഴ തൈകൾ
കുറ്റി കുരുമുളക് തൈകൾ

**പോഷക മിശ്രിതങ്ങൾ**
വാഴയ്ക്കുള്ള സമ്പൂർണ്ണ
പച്ചക്കറിയ്ക്കുള്ള സമ്പൂർണ്ണ
ഇഞ്ചിയുടെ സൂക്ഷ്മ മൂലക വളം

**ജൈവീക ഉത്പാദനോപാധികൾ**
മത്സ്യഗവ്യം, നന്മ
മൈക്കോറൈസ
ഇ.എം.ലായിനി, കോഴിവളം
സ്യൂഡോമോണാസ്, ട്രൈക്കോഡെർമ
ഇഞ്ചി- PGPR GRB-35ക്യാപ്സൂൾ

**കെണികൾ**
മെറ്റ്, ക്യൂ ല്യൂർ കെണി
മഞ്ഞക്കെണി

**മറ്റുള്ളവ**
മഞ്ഞൾപ്പൊടി
തേൻ, ഗ്രോ ബാഗ്

**പ്രസിദ്ധീകരണങ്ങൾ**
- പച്ചക്കറി കൃഷി
- വാഴ കൃഷി
- വിളകളിലെ ജൈവരോഗകീട നിയന്ത്രണം
- ഇഞ്ചി മഞ്ഞൾ കൃഷി രീതികളും സംസ്കരണവും
- തീറ്റപ്പുൽ കൃഷി
- കറവപ്പശുക്കളുടെ തീറ്റക്രമം
- ജൈവ വളങ്ങളുടെ ഉത്പാദനവും ഉപയോഗവും
- കൂൺ വിത്ത് ഉത്പാദനം
- പാൽകൂൺ കൃഷിയും വിഭവങ്ങളും
- ചിപ്പിക്കൂൺ കൃഷിയും കൂൺ വിഭവങ്ങളും
- ഗാർഹിക ഫലസംസ്കരണം
- ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ
- വാഴയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ
- നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ




Printed & Published by: **Dr. (Mrs.) Anitha Karun**, Acting Director, ICAR-CPCRI, Kasaragod
Co-ordination & Editing: **Dr. P. Muralidharan**, Principal Scientist & Head. Text, Layout & Compilation: **Lekha G**, SMS.
Technical Inputs: **Rajeev M.S., Jissy George, Dr. T. Sivakumar, Dr. S. Ravi & Dr. K. Sajnanath.** Technical Support : **Ansary K.M., Bijila P.V. & Nithya K.R.**